LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷം (2014-15) റബ്ബർ സംഭരണത്തിനായി റബ്ബർ മാർക്കിനും മാർക്കറ്റ് ഫെഡിനും 12 കോടി രൂപ കൃഷി വകുപ്പിന്റെ മാർക്കറ്റ് ഇന്റർവെൻഷൻ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്.

(ബി) റബ്ബർമാർക്കിനും മാർക്കറ്റ് ഫെഡിനുമാണ് റബ്ബർ സംഭരണത്തിനുള്ള ഫണ്ട് അനുവദിച്ചത്.

(സി) റബ്ബർമാർക്കും മാർക്കറ്റ് ഫെഡും സംഭരണത്തിനായി അനുവദിച്ച തുക പൂർണ്ണമായും ഉപയോഗിച്ചു കഴിഞ്ഞു.

(ഡി) റബ്ബർ സംഭരണംമൂലം നിലവിലുണ്ടായിരുന്ന വില താഴ്ന്ന് പോകാതെ ഒരു പരിധിവരെ പിടിച്ചു നിർത്താൻ സാധിച്ചിട്ടുണ്ട്.

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

165 (1581) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സർക്കാർ ആഭിമുഖ്യത്തിൽ റബ്ബർ സംഭരിക്കാൻ തീരുമാനിച്ചതുവഴി എത്രമാത്രം സംഭരിക്കാനായി എന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2013-14-ൽ റബ്ബർ സംഭരണ ഏജൻസികൾക്ക് കൈകാര്യച്ചെലവും റബ്ബർ വില വ്യത്യാസവും ഉൾപ്പെടെ കിലോയ്ക്ക് 6 രൂപ നിരക്കിൽ നൽകുന്നതിനുവേണ്ടി കൃഷി വകുപ്പിന്റെ വിഹിതമായി 4 കോടി രൂപ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിരുന്നു. 2014-15-ൽ സംഭരണ ഏജൻസികളായ മാർക്കറ്റ്ഫെഡിനും റബ്ബർ മാർക്കിനും റബ്ബർ സംഭരണത്തിനുവേണ്ടി 5 കോടി രൂപ വീതം (ആകെ 10 കോടി രൂപ) കൃഷി വകുപ്പിന്റെ മാർക്കറ്റ് ഇന്റർവെൻഷൻ പദ്ധതി പ്രകാരം അനുവദിച്ചു നൽകിയിരുന്നു. ഇതുവരെയായി റബ്ബർമാർക്ക് 10,20,73,900.65 രൂപയുടെ 804.99 ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്. മാർക്കറ്റ്ഫെഡ് സംഭരിച്ചിട്ടുള്ള 422.33 ടൺ റബ്ബറിന് താങ്ങുവിലയടക്കം 5,33,49,627 രൂപ സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ 11-3-2015-ലെ സ.ഉ. (എംഎസ്.) നമ്പർ 41/2015/കൃഷി പ്രകാരം റബ്ബർ സംഭരണത്തിനായി റബ്ബർമാർക്കിനും മാർക്കറ്റ്ഫെഡിനും കൂടി 2 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.